DESPATCHED
On...21/05/2020.

29/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.607(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

File No.3671/SIC-Gen 2/2013

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

Sri. K.R. Sreenivasan,
E.P VI/429, Kolopadam,
Kunissery P.O, Alathur Taluk,
Palakkad District – 678 681.
} അപ്പീൽ ഹർജിക്കാരൻ

1. The State Public Information Officer &
Senior Superintendent,
O/o. the Assistant Educational Officer,
Alathur, Palakkad District.

2. The Appellate Authority &
O/o. the Assistant Educational Officer,
Alathur, Palakkad District.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, SRUPS മാനേജർ 15.10.12ന് നൽകിയ കത്തിൽ സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമാക്കാൻ 28.11.12നു നൽകിയ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ട്, ആയത് കൃത്യമായി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 15.04.13ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 22.04.13ൽ റിപ്പോർട്ട് സമർപ്പിച്ചു.

3. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 26.12.12ന് സി.3570/12 എന്ന നമ്പരിലുള്ള കത്ത് പ്രകാരം മറുപടി നൽകുകയും, ഫയൽ നമ്പർ സി. 3649/12ന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി നൽകുകയും ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറഞ്ഞു. മറുപടിയുടെ പകർപ്പും ടിയാൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പിന്നീട് ടിയാന്റെ 07.01.13ലെ അപ്പീലിനുള്ള മറുപടിയായി 20.02.13ൽ സി. 152/13 നമ്പർ കത്തു പ്രകാരം വീണ്ടും മറുപടി നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

4. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്ന് ഒരുപക്ഷെ ടി മറുപടി ലഭിക്കുന്നതിന് മുമ്പായിരിക്കും ടിയാൻ കമ്മീഷന് അപ്പീൽ നൽകിയിട്ടുള്ളതെന്ന് കരുതുന്നു.

5. ഇനിയും ടിയാന് പരാതി നിലനിൽക്കുന്നുണ്ടെങ്കിൽ, ആയത് കമ്മീഷനെ അറിയിക്കുന്ന പക്ഷം, അതൊരു പരാതി ഹർജിയായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

gk.